15 -ാം കേരള നിയമസഭ

13 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5540 24-03-2025 - ൽ മറുപടിയ്ക്ക്

ജൈവവൈവിധ്യ കർമ്മപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അതിതീവ്രമഴ, പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ ദുരന്തങ്ങൾ മനുഷ്യന്റെ ജീവനും സ്വത്തിനും കനത്ത നാശം ഉണ്ടാക്കുന്നതോടൊപ്പം ആവാസവ്യവസ്ഥയെയും തകർക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ആഗോളതാപനത്തിന്റെയും കാലാവസ്ഥ വ്യതിയാനത്തിൻറെയും ഫലമായി ഉണ്ടാകുന്ന അതിതീവ്ര കാലാവസ്ഥ സാഹചര്യങ്ങൾ അവലോകനം ചെയ്തുകൊണ്ടാണ് സംസ്ഥാന കാലാവസ്ഥ വ്യതിയാന കർമ്മപദ്ധതിയിൽ (SAPCC 2.0)പദ്ധതികൾ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ 2018-ലെ പ്രളയത്തെ തുടർന്ന് പ്രളയം, ഉരുൾപ്പൊട്ടൽ എന്നീ പ്രകൃതി ദുരന്തങ്ങൾമൂലം ജൈവവൈവിധ്യത്തിനുണ്ടായ ആഘാതത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. കാസർഗോഡ് ഒഴികെയുള്ള സംസ്ഥാനത്തെ 13 ജില്ലകളിൽ നിന്നായി പ്രകൃതി ദുരന്തം കനത്ത ആഘാതം ഉണ്ടാക്കിയ 187 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് പ്രസ്തുത പഠനം നടത്തിയത്. കൃഷിയിടങ്ങൾ, വനപ്രദേശങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയ ആവാസവ്യവസ്ഥകളെയും പ്രകൃതി ദുരന്തങ്ങൾ സാരമായി ബാധിക്കുന്നതിനാൽ കൃഷി, ഭക്ഷ്യ-ഉൽപ്പാദന മേഖലകളിൽ കനത്ത ആഘാതമുണ്ടാക്കുന്നതായി പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. നദികൾ ഉൾപ്പെടെയുള്ള തണ്ണീർത്തട ആവാസവ്യവസ്ഥകളുടെ ഘടനയിലും ഗതിയിലും സാരമായ മാറ്റങ്ങൾ പ്രകൃതി ദുരന്തങ്ങളുടെ അനന്തരഫലമായി ഉണ്ടായിട്ടുണ്ട്. സ്വാഭാവിക ആവാസവ്യവസ്ഥകൾക്കുണ്ടാകുന്ന ആഘാതങ്ങൾ സസ്യ-ജന്തുജാലങ്ങളുൾപ്പെടെയുള്ള ജൈവവൈവിധ്യത്തിനും കനത്ത നാശമുണ്ടാക്കിയതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും അനന്തരഫലങ്ങൾ പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്.<br><br>പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിന്റെ, സംസ്ഥാന കാലാവസ്ഥാ വ്യതിയാന സെൽ (CCC) 2023-30 കാലയളവിലേക്കുള്ള സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മപദ്ധതി (SAPCC 2.0) തയ്യാറാക്കുകയുണ്ടായി.<br><br>2050-യോടെ കാർബൺ ന്യൂട്രൽ ലക്ഷ്യം കൈവരിക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിക്കുന്നതിനും പ്രസ്തുത നടപടികൾ സുഗമമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചു. കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന നയ ഗവേഷണ സ്ഥാപനമായ വസുധ ഫൗണ്ടേഷനുമായി സഹകരിച്ചുകൊണ്ട് സംസ്ഥാനത്തെ എല്ലാ പ്രധാന പങ്കാളിത്ത വകുപ്പുകളെയും/ ഏജൻസികളെയും ഏകോപിപ്പിച്ച് പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ (DoECC) നേതൃത്വത്തിൽ അഞ്ചു സുപ്രധാന മേഖലകളായ ഊർജ്ജം (Energy), വ്യാവസായിക പ്രക്രിയകളും ഉൽപ്പന്ന ഉപയോഗവും (IPPU), ഭൂവിനിയോഗവും, ഭൂവിനിയോഗ മാറ്റവും, വനവത്ക്കരണവും (LULUCF), കൃഷി (Agriculture), മാലിന്യം (Waste) എന്നീ മേഖലകളിൽ നിന്നുള്ള 2005 മുതൽ 2021 വരെയുള്ള കാലയളവിലെ കാർബൺ ഡൈ ഓക്സൈഡ് (CO2), മീഥെയിൻ (CH4), നൈട്രസ് ഓക്സൈഡ് (N20) എന്നിവയുടെ ബഹിർഗമനം നിർണയിക്കുകയും ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയാറാക്കുകയും ചെയ്തു.<br><br>പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തി ഡയറക്ടറേറ്റ് വെബ് പോർട്ടലും തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | ഇന്ത്യയിലെ ഏറ്റവും മികച്ച ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമായി 2030-ൽ കേരളത്തെ മാറ്റുന്നതിനുള്ള ജനകീയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്.<br><br>Kerala Biodiveristy Strategy and Action Plan (KBSAP)-യിൽ വിഭാവനം ചെയ്തിരിക്കുന്ന പ്രവർത്തനങ്ങൾ മറ്റ് ഡിപ്പാർട്ട്മെന്റുകൾ, ബി.എം.സികൾ എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും കുൻമിംഗ്-മോൺട്രിയൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിന്റെ 23 ലക്ഷ്യങ്ങളും സംസ്ഥാനത്ത് 2030-തോടെ കൈവരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഈ നടപടികളെല്ലാം തന്നെ 2030-ൽ കേരളത്തെ ഏറ്റവും മികച്ച ജൈവവൈവിധ്യ സൗഹൃദ സംസ്ഥാനമായി |

| | | | |
|---|---|---|---|
| | | | മാറ്റുന്നതിനുള്ള ജനകീയ പദ്ധതികളുടെ ഭാഗമായാണ് നടപ്പിലാക്കുന്നത്. |
| (ഡി) | പ്രാദേശിക ജൈവവൈവിധ്യ കർമ്മപദ്ധതിയിൽ ഹ്രസ്വ, ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്.<br><br>പ്രാദേശികതല ജൈവവൈവിധ്യ (Local Biodiversity Strategy & Action Plan - LBSAP) തയ്യാറാക്കൽ പദ്ധതിക്ക് 2022-23 മുതൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡ് നേതൃത്വം നൽകിവരുന്നു. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലായി തിരഞ്ഞെടുത്ത 74 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2030-നകം കൈവരിക്കേണ്ട കുൻമിംഗ്-മോൺട്രിയൽ ബയോഡൈവേഴ്സിറ്റി ഫ്രെയിംവർക്കിന്റെ 23 ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള മാർഗ്ഗരേഖയാണ് പദ്ധതിയുടെ ഭാഗമായി തയ്യാറാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ